തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം

33 [5874] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-2003 വർഷത്തെ പദ്ധതി വിഹിതത്തിന്റെ 10% വർദ്ധിപ്പിച്ച് പ്രോജക്ടുകൾക്ക് രൂപം നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നോ;

(ബി) അപ്രകാരം തയ്യാറാക്കപ്പെട്ട പ്രോജക്ടുകൾ പ്രകാരം വിവിധ പഞ്ചായത്തുകൾക്ക് നൽകേണ്ട വിഹിതം എത്രയായിരുന്നു;

(സി) ഇപ്പോൾ നൽകിയിട്ടുള്ള തുക എത്ര;

(ഡി) പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരവും വാങ്ങിയ സാഹചര്യത്തിൽ വാഗ്ദാനം ചെയ്ത തുക നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) പ്രത്യേകിച്ച് വിഹിതമില്ല. 2002-2003 വർഷത്തെ സ്പിൽ ഓവർ തുകയും 2003-04 വർഷത്തെ പദ്ധതിവിഹിതവുമാണ് ഇതിനുവേണ്ടി ഉപയോഗിക്കേണ്ടത്.

(സി) ഈ വർഷത്തെ ബഡ്ജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി 1317 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ എന്നീ നാലു മാസങ്ങളിലെ മാസാദ്യ ഗഡുക്കളായി 109.75 കോടി രൂപ വീതം കൊടുത്തുകഴിഞ്ഞു. ബാക്കി തുക ആഗസ്റ്റ് മുതൽ എട്ടു മാസ ഗഡുക്കളായി നൽകുന്നതാണ്. ഇതുകൂടാതെ 335 കോടി രൂപ ആഗസ്റ്റ് മുതൽ ഡിസംബർ വരെ അഞ്ചുമാസ ഗഡുക്കളായി മുൻപറഞ്ഞ തുകയോടുകൂടെ നൽകുന്നതിനായി റിലീസ് ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുകയ്ക്ക് അതീതമായി പദ്ധതി വിഹിതം നൽകുമെന്ന് ഗവൺമെന്റ് വാഗ്ദാനം നൽകിയിട്ടില്ല.

ക്ഷേമ പെൻഷനുകൾക്ക് നൽകുന്ന തുക വകമാറ്റി ചെലവഴിക്കുന്നതിന് എതിരെ നടപടി

34 [5875] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിൽ നിന്നും വിവിധ ക്ഷേമ പെൻഷനുകൾക്ക് നൽകുന്ന തുക പഞ്ചായത്തുകൾ വകമാറ്റി ചെലവഴിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ വകമാറ്റി ചെലവഴിക്കുന്നതുമൂലം ക്ഷേമ പെൻഷനുകൾ അർഹരായവർക്ക് യഥാസമയം ലഭിക്കാത്തത് ഒഴിവാക്കുന്നതിന് വേണ്ടി സർക്കാർ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ചേരി നിവാസികളുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ പദ്ധതി

35 [5876] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. മത്തായി ചാക്കോ:
,, പിരപ്പൻകോട് മുരളി:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേരി നിവാസികളുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി പദ്ധതികൾ വല്ലതും ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ദേശീയ ചേരി വികസന പരിപാടിയിൽ ഉൾപ്പെടുത്തി പാർപ്പിട നിർമ്മാണത്തിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) വാത്മീകി-അംബേദ്കർ ആവാസ് യോജന പ്രകാരമുള്ള പദ്ധതി സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കുന്നതെന്ന് പറയാമോ;

(ഇ) ഈ പദ്ധതിപ്രകാരം 2001-02, 2002-03 എന്നീ വർഷങ്ങളിൽ എന്തു തുക വീതം കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്; ഇതിൽ എന്തു തുക വീതം ചെലവഴിച്ചു?

ഉത്തരം

(എ, ബി) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളായ വാത്മീകി-അംബേദ്കർ ആവാസ് യോജന (വാംബേ), ദേശീയ ചേരി വികസന പദ്ധതി (എൻ. എസ്. ഡി. പി.) എന്നിവയാണ് പദ്ധതികൾ.

(സി) ഉണ്ട്. ദേശീയ ചേരി വികസന പദ്ധതിക്ക് അനുവദിക്കുന്ന ഫണ്ടിന്റെ 30%ത്തിൽ കുറയാത്ത തുക പുതിയ വീടുകൾ നിർമ്മിക്കുന്നതിനും, വീടുകളുടെ അറ്റ കുറ്റപണികൾക്കുമായി മാറ്റിവച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം നിർമ്മിക്കുന്ന ഒരു വീടിന്റെ നിർമ്മാണ ചെലവ് 26,500 രൂപയാണ്. ഇതിൽ 5,000 രൂപ എൻ. എസ്. ഡി. പി. ഫണ്ടിൽ നിന്നും സബ്സിഡി അനുവദിക്കുന്നു.

(ഡി) ഈ പദ്ധതി സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

(ഇ) ഈ പദ്ധതി പ്രകാരം 2001-02-ൽ 226 ലക്ഷം രൂപയും 2002-03-ൽ 2305.65 ലക്ഷം രൂപയും കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക വിവിധ നഗരസഭകൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly